"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -ഹരിത മിത്രം — സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പ്രവർത്തന മാർഗ്ഗരേഖ - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2341/2022/LSGD തീയതി,തിരുവനന്തപുരം, 26-09-2022

---

പരാമർശം:- ശുചിത്വ മിഷൻ സമർപ്പിച്ച സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ കരട് പ്രവർത്തന മാർഗ്ഗരേഖ

**ഉത്തരവ്**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുളള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിലേക്കായി നാളിതുവരെ പദ്ധതി ഏറ്റെടുത്തിട്ടുളള തദ്ദേശ സ്ഥാപനങ്ങളിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രതിദിനം രൂപപ്പെടുന്ന വിവിധ തരം മാലിന്യങ്ങളുടെ അളവ്, ആയതിൽ ശേഖരിച്ച് സംസ്കരിക്കുന്നവയുടെ അളവ് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, ആയതിന്റെ പ്രതിദിന അപ്ഡേഷൻ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്നത് മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും ആയവയുടെ സുസ്ഥിരതക്കും ആയതിലൂടെ ശുചിത്വകേരളം സൃഷ്ടിക്കുന്നതിനും സഹായകരമാകും. ആയതിനാൽ സമയബന്ധിതമായി വിവിധ ഘട്ടങ്ങളിലായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ വ്യാപിപ്പിക്കേണ്ടത് അനിവാര്യമാണ്. ബഹു ദേശീയ ഹരിത ട്രൈബ്യൂണലിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അശാസ്ത്രീയ മാലിന്യ പരിപാലനം സംബന്ധിച്ച് നൽകിയിട്ടുളള നിർദ്ദേശങ്ങൾക്ക് പരിഹാരം കാണുന്നതിനും തുടർനടപടികൾ സ്വീകരിച്ച് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനും ഹരിതമിത്രം അപ്ലിക്കേഷൻ സഹായകരമാകും.

2. വാതിൽപ്പടി ശേഖരണ കവറേജിലെ ന്യൂനതകൾ കണ്ടെത്തി ശേഖരണം 100 ശതമാനത്തിലേക്കെത്തിക്കുന്നതിനും സുസ്ഥിര പാഴ് വസ്തു ശേഖരണ സംവിധാനം രൂപപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. മാലിന്യ സംസ്കരണ പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നതിനു പകരം മാലിന്യത്തിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും, തൊഴിൽ ലഭ്യത, പ്രാദേശിക സമ്പത്ത് വ്യവസ്ഥ, പൊതുജനാരോഗ്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും, പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനും സഹായകരമാകും.

3 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിലേക്കായി, അനുബന്ധമായി ചേർത്തിരിക്കുന്ന ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ പ്രവർത്തന മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ , ഹരിത കേരള മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ
മിഷൻ ഡയറക്ടർ, അമൃത്
മാനേജിംഗ് ഡയറക്ടർ , ഇംപാക്ട് കേരള
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) (ഓഡിറ്റ് I )/ ഓഡിറ്റ് II ),കേരള
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷൻ / മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ (അർബൻ ) ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ , ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Prasanth C**
**Date: 26-09-2022 11:40:28**
സെക്ഷൻ ഓഫീസർ

# ഹരിത മിത്രം – സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം – പ്രവർത്തന മാർഗ്ഗരേഖ

## ആമുഖം

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വ–മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിലേക്കായി നാളിതുവരെ പദ്ധതി ഏറ്റെടുത്തിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. ആദ്യ ഘട്ടത്തിൽ 313 ഗ്രാമപഞ്ചായത്തുകളിലും 58 നഗരസഭകളിലും 4 കോർപ്പറേഷനുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉപയോക്താക്കളായ വീട്/സ്ഥാപന ഉടമസ്ഥർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഹരിത കർമ്മ സേനയ്ക്കും കൃത്യമായ ധാരണ പകരേണ്ടതുണ്ട്. ആയതിനാലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും മിഷനുകളുടെയും സഹകരണത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഹരിത മിത്രം ക്യാമ്പയിൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്.

## ലക്ഷ്യം

- ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവനങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പൊതു ജനങ്ങളിലും അവബോധം സൃഷ്ടിക്കുക.
- ഹരിത മിത്രം – സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ ഉപയോക്താക്കളായി സംസ്ഥാനത്തെ എല്ലാ ഗാർഹിക സ്ഥാപന ഉടമകളെയും മാറ്റുക.
- ശുചിത്വ മാലിന്യ സംസ്കരണ സേവനങ്ങൾ, അവയുടെ മോണിട്ടറിംഗ് എന്നിവ വിരൽ തുമ്പിൽ ലഭ്യമാക്കുക.

## സമീപനം

വിവിധ തലങ്ങളിലെ ജനപ്രതിനിധി ഉദ്യോഗസ്ഥ സംവിധാനത്തിന്റെയും പ്രാദേശിക ഭരണ സംവിധാനത്തിന്റെയും നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും, ഏജൻസികളുടെയും, സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഹരിത മിത്രം–സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം ആപ്ലിക്കേഷൻ വ്യവസ്ഥാപിതമാക്കൽ .

## ഹരിതമിത്രം അപ്ലിക്കേഷൻ നിർവഹണം- അനിവാര്യത

- സംസ്ഥാനത്ത് പ്രതിദിനം രൂപപ്പെടുന്ന വിവിധ തരം മാലിന്യങ്ങളുടെ അളവ്, ആയതിൽ ശേഖരിച്ച് സംസ്കരിക്കുന്നവയുടെ അളവ് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, ആയതിന്റെ പ്രതിദിന അപ്‌ഡേഷൻ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്നത് മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും ആയവയുടെ സുസ്ഥിരതക്കും ആയതിലൂടെ ശുചിത്വകേരളം സൃഷ്ടിക്കുന്നതിനും സഹായകരമാകും. ആയതിനാൽ സമയബന്ധിതമായി വിവിധ ഘട്ടങ്ങളിലായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ വ്യാപിപ്പിക്കേണ്ടത് അനിവാര്യമാണ്.
- ബഹു ദേശീയ ഹരിത ട്രൈബ്യൂണലിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അശാസ്ത്രീയ മാലിന്യ പരിപാലനം സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് പരിഹാരം കാണുന്നതിനും തുടർനടപടികൾ സ്വീകരിച്ച് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനും ഹരിതമിത്രം- അപ്ലിക്കേഷൻ സഹായകരമാകും.
- വാതിൽപ്പടി ശേഖരണ കവറേജിലെ ന്യൂനതകൾ കണ്ടെത്തി ശേഖരണം 100 ശതമാനത്തിലേക്കെത്തിക്കുന്നതിനും സുസ്ഥിര പാഴ് വസ്തു ശേഖരണ സംവിധാനം രൂപപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും.
- മാലിന്യ സംസ്കരണ പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നതിനു പകരം മാലിന്യത്തിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും, തൊഴിൽ ലഭ്യത, പ്രാദേശിക സമ്പത്ത് വ്യവസ്ഥ, പൊതുജനാരോഗ്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും, പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനും സഹായകരമാകും.

## ഹരിതമിത്രം- നിർവഹണത്തിന് അടിയന്തിരമായി ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ.

- ഹരിത മിത്രം- പദ്ധതിക്കായി തുക വകയിരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി കസ്റ്റമർ എൻട്രോൾമെന്റ്, വീടുകളിലും സ്ഥാപനങ്ങളിലും QR കോഡ് ഒട്ടിക്കൽ നടപടികൾ പൂർത്തീകരിക്കണം.
- ആയതിന് ഹരിത കർമ്മ സേനയ്ക്ക് സ്മാർട്ട് ഫോൺ ഉപയോഗത്തിലും, ഫോൺ മുഖേനയുമുള്ള ഡേറ്റാ എൻട്രികളിലും പരിശീലനം ലഭ്യമാക്കണം.
- സ്മാർട്ട് ഫോണുകളിൽ നെറ്റ് കണക്ഷൻ ലഭിക്കുന്നതിന് പദ്ധതി തുക ലഭ്യമാക്കണം
- സ്മാർട്ട് ഫോണില്ലാത്ത ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കി പരിശീലിപ്പിക്കണം.
- പാഴ് വസ്തുക്കൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അളന്ന് ശേഖരിക്കുന്നതിന് ഹരിതകർമ സേനക്ക് ഹാൻഡ് വെയിങ് മെഷീൻ ലഭ്യമാക്കണം
- വീടുകളിലും സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിക്കൽ.
- കസ്റ്റമർ എൻട്രോൾമെന്റ് ഹരിത കർമ്മ സേനയ്ക്ക് മാത്രം കഴിയാത്ത സാഹചര്യത്തിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ്, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, യൂത്ത്

ക്ലബുകൾ, സാമൂഹിക സന്നദ്ധ സേന, റസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, വ്യാപാരി വ്യവസായികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തണം.

- പൊതു ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി മികച്ച പ്രവർത്തന പരിപാടികളിലൂടെ ക്യാമ്പയിനായി വാർഡ് തലം മുതൽ പരിപാടികൾ സംഘടിപ്പിക്കണം.
- ഇതിനായി പത്ര മാധ്യമങ്ങൾ, സമൂഹ മാധ്യമങ്ങൾ, നവ മാധ്യമങ്ങൾ എന്നിവയെ പ്രയോജനപ്പെടുത്തികൊണ്ടുള്ള പ്രചാരണ പരിപാടികൾ സാധ്യമാക്കണം ·
- മേൽ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന ഫണ്ടിനായി പദ്ധതി വിഹിതം, സി.എസ്.ആർ ഫണ്ട്, സ്പോൺസർഷിപ്പുകൾ ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

## പ്രവർത്തനങ്ങൾ

### 1. ഹരിതമിത്രം നടത്തിപ്പിനനുകൂലമായ അന്തരീക്ഷ സൃഷ്ടി

### 1.1. ഹരിതമിത്രം– വിവിധതല ഉത്ഘാടനങ്ങളും സ്മാർട്ട് സംഗമങ്ങളും

1.1.1. തദ്ദേശ സ്വയംഭരണസ്ഥാപന തല ഉത്ഘാടനങ്ങളും സ്മാർട്ട് സംഗമങ്ങളും

സംസ്ഥാന– ജില്ലാ തല ഉത്ഘാടനങ്ങളെ തുടർന്ന്

- ഹരിത മിത്രം ആപ്ലിക്കേഷന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉത്ഘാടനങ്ങൾ സ്മാർട്ട് സംഗമങ്ങളായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിത കർമ്മ സേന അംഗങ്ങൾ, റസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, കുടുംബശ്രീ - സി.ഡി.എസ്, എ.ഡി.എസുകൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, വ്യാപാരി വ്യവസായികൾ, സ്കൂൾ – കോളേജ് തലങ്ങളിലെ സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ എന്നിവരുടെ മികച്ച പ്രാതിനിധ്യത്തിൽ സംഘടിപ്പിക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്ഘാടന പരിപാടിയിലേക്ക് ബഹു. മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ, , മറ്റ് തലങ്ങളിലെ ജനപ്രതിനിധികൾ, കലാ – സാംസ്കാരിക – സാമൂഹിക മേഖലകളിലെ പ്രമുഖർ എന്നിവരുടെ മഹനീയ സാനിധ്യം ഉറപ്പാക്കണം
- ഉദ്ഘാടനത്തോടൊപ്പം പരിശീലന കൈപുസ്തകം, ബ്രോഷർ, ട്യൂട്ടോറിയൽ വീഡിയോ എന്നിവയുടെ തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രകാശനം നടത്തുകയും സമൂഹ മാധ്യമങ്ങൾ, പത്ര മാധ്യമങ്ങളിലുൾപ്പെടെ പരമാവധി പ്രചാരണം നൽകുകയും ചെയ്യണം.
- തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്ഘാടനത്തിന്റെ ഭാഗമായി ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയാവതരണം

സംഘടിപ്പിക്കണം. ഇതിനായി ഇതിനോടകം പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെയും ഉദ്യോഗസ്ഥരുടെയും സേവനം ഉപയോഗപ്പെടുത്തണം.

1.1.2. ഹരിതമിത്രം– വാർഡ് തല ഉത്ഘാടനങ്ങളും സ്മാർട്ട് സംഗമങ്ങളും

തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഉത്ഘാടനങ്ങളെ തുടർന്ന്

- വാർഡ് തലങ്ങളിൽ ഉത്ഘാടനങ്ങളും സ്മാർട്ട് സംഗമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വാർഡ് മെമ്പർ/കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് തല ആരോഗ്യ – ശുചിത്വ – പോഷണ സമിതിയുടെയും, കുടുംബശ്രീ എ.ഡി.എസുകളുടെയും, ഓക്സിലറി ഗ്രൂപ്പുകളുടെയും റസിഡൻസ് വെൽഫെയർ അസോസിയേഷനുകളുടെയും വിദ്യാർത്ഥി യുവ ജന സംഘടനകളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കണം.
- ഉദ്ഘാടന പരിപാടികളിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഉടമകൾ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളുടെ മേധാവിമാർ എന്നിവരെ പങ്കാളികളാക്കണം
- ഉദ്ഘാടനത്തോടൊപ്പം പരിശീലന കൈപുസ്തകം, ബ്രോഷർ, ട്യൂട്ടോറിയൽ വീഡിയോ എന്നിവയുടെ വാർഡ് തല പ്രകാശനം നടത്തുകയും സമൂഹ മാധ്യമങ്ങൾ, പത്ര മാധ്യമങ്ങളിലുൾപ്പടെ പരമാവധി പ്രചാരണം നൽകുകയും ചെയ്യണം.
- വാർഡ് തല ഉദ്ഘാടനത്തിന്റെ ഭാഗമായി ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയാവതരണം സംഘടിപ്പിക്കണം. ഇതിനായി ഇതിനോടകം പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെയും ഉദ്യോഗസ്ഥരുടെയും സേവനം ഉപയോഗപ്പെടുത്തണം
- തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രാദേശികമായി പരിസ്ഥിതി സംരക്ഷണ രംഗത്തും , കലാ–സാഹിത്യ സാമൂഹിക രംഗത്തും പ്രമുഖരായ വ്യക്തികളുടെ സഹായം തേടാവുന്നതാണ്.
- പ്രചാരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ലഘു ലേഖകളിൽ ദേശീയ ഹരിത ട്രൈബ്യൂണൽ ,കേന്ദ്ര–കേരള സർക്കാരുകൾ എന്നിവരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

## 1.2. വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിക്കൽ & കസ്റ്റമർ എൻഡോഴ്സ്മെന്റ്– വിവിധ തല ഉത്ഘാടനങ്ങൾ

1.2.1. തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉത്ഘാടനങ്ങൾ

സംസ്ഥാന– ജില്ലാ തല ഉത്ഘാടനങ്ങളെ തുടർന്ന്

- ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിലേക്കായി ഹരിത മിത്രം പ്രോജക്ട്കൾ ഏറ്റെടുത്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിക്കുന്നതിന്റെയും കസ്റ്റമർ

എൻറോൾമെന്റിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്ഘാടനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ നിശ്ചിത എണ്ണം വീടുകൾ/സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് ക്യൂ.ആർ കോഡ് പതിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉത്ഘാടനം സംഘടിപ്പിക്കണം.
- ഉദ്ഘാടന ചടങ്ങിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ജനപ്രതിനിധികളുടെയും പൗര പ്രമുഖരുടെയും, ഹരിത കർമ്മ സേന അംഗങ്ങളുടെയും റസിഡൻസ് വെൽഫെയർ അസോസിയേഷനുകളുടെയും കുടുംബശ്രീ – സി.ഡി.എസ്, എ.ഡി.എസുകൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, വ്യാപാരി വ്യവസായികൾ, സ്കൂൾ – കോളേജ് തലങ്ങളിലെ സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ എന്നിവരുടെ സാന്നിധ്യം ഉറപ്പാക്കണം.

1.2.2. വാർഡ് തല ഉത്ഘാടനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപന തല ഉത്ഘാടനങ്ങളെ തുടർന്ന്

- വാർഡ് പരിധിയിൽ നിന്നും തെരഞ്ഞെടുത്ത നിശ്ചിത എണ്ണം വീടുകൾ, സ്ഥാപനങ്ങളിൽ ക്യൂ.ആർ കോഡ് പതിപ്പിച്ചുകൊണ്ട് വാർഡ് തല ഉദ്ഘാടനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- വാർഡ് തല പ്രവർത്തനങ്ങൾക്ക് വാർഡ് മെമ്പർ/കൗൺസിലർമാരും വാർഡ് തല ആരോഗ്യ ശുചിത്വ പോഷക സമിതി കൺവീനർമാരും അംഗങ്ങളും നേതൃത്വം നൽകണം.
- ഗൃഹനാഥർ, സ്ഥാപന ഉടമകൾ, വിദ്യാർത്ഥി യുവ ജന സംഘടനകൾ, കുടുംബശ്രീ എ.ഡി.എസ് & ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ വാർഡ് തല ഉദ്ഘാടനത്തിൽ പങ്കെടുപ്പിക്കണം

## 2. കസ്റ്റമർ എൻട്രോൾമെന്റ് – അനുവർത്തിക്കാവുന്ന രീതികൾ, ഉപയോക്താക്കളെ സജ്ജരാക്കൽ, നിർവഹണ നിർദ്ദേശങ്ങൾ.

### 2 .1 അനുവർത്തിക്കാവുന്ന രീതികൾ

- സ്മാർട്ട് ഫോൺ മുഖേന സ്വന്തം നിലയിൽ കസ്റ്റമർ എൻട്രോൾമെന്റ് ചെയ്യാൻ ഹരിത കർമ്മ സേനയ്ക്ക് ശേഷിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണത്തെ ബാധിക്കാത്ത വിധം ജനപ്രതിനിധികളുടേയും, ഉദ്യോഗസ്ഥരുടേയും, സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തിൽ എൻറോൾമെന്റ് നടപടികൾ ഒരു ക്യാമ്പയിനായി നടത്തേണ്ടതാണ്.
- അല്ലാത്തയിടങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, റസിഡൻസ് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ, വ്യാപാരി വ്യവസായികൾ, കുടുംബശ്രീ ഓക്സിലറി

ഗ്രൂപ്പ് എന്നിവരുടെ സന്നദ്ധ സേവനം ഉപയോഗപ്പെടുത്തി എൻറോൾമെന്റ് നടപടികൾ പൂർത്തീകരിക്കാവുന്നതാണ്.

- എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ്, യൂത്ത് ക്ലബ്ബുകൾ, സാമൂഹിക സന്നദ്ധ സേന എന്നിവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി എൻട്രോൾമെന്റ് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
- മേൽ നടപടികൾ സാധ്യമാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതാത് കുടുബശ്രീ സി.ഡി.എസ് കളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടിയാലോചന നടത്തി ഹരിതകർമ്മസേനയോടൊപ്പം കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- കസ്റ്റമർ എൻട്രോൾമെന്റ് ഹരിത കർമ്മസേനയുടെ വാതിൽപ്പടി ശേഖരണത്തെ ബാധിക്കുന്ന സാഹചര്യമുള്ള പക്ഷം കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പിന്റെ സേവനം പരമാവധി ഉപയോഗപ്പെടു ത്താവുന്നതാണ്.
- ജില്ലയിൽ ഒട്ടാകെ എൻട്രോൾമെൻറ് പ്രവർത്തനങ്ങൾ നടക്കുമ്പോൾ ആവശ്യമായി വരുന്ന സാങ്കേതിക പിന്തുണ നൽകുന്നതിന് കെൽട്രോൺ തയ്യാറായിരിക്കണം. ഇതിനായി പഞ്ചായത്തിൽ എൻട്രോൾമെൻറ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വിദ്യാർത്ഥികളെ (എഞ്ചിനീയറിംഗ് / പൊളി ടെക്നിക്/ ഐ ടി ഐ കോഴ്സ് പൂർത്തീകരിച്ചവർ) ആവശ്യമെങ്കിൽ കെൽട്രോണിന്റെ റിസോഴ്സ് ഗ്രൂപ്പിലേക്ക് പങ്കാളികളാക്കി പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിനുള്ള ചെലവ് കെൽട്രോൺ വഹിക്കേണ്ടതാണ്.

### 2.2 . ഉപയോക്താക്കളെ സജ്ജരാക്കൽ

- കസ്റ്റമർ എൻട്രോൾമെന്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പ്രത്യേക ഗ്രാമസഭ കൂടിയോ, നിലവിൽ നടന്ന് വരുന്ന ഗ്രാമ സഭകളിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തിയോ ചർച്ച ചെയ്യേണ്ടതാണ്.
- ഇതിനായി പ്രാദേശിക വാർത്താ ചാനലുകൾ, സോഷ്യൽ മീഡിയ, മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ്, വാട്സ് ആപ്പ് ഗ്രൂപ്പുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ സന്ദേശങ്ങൾ കൈമാറാവുന്നതാണ്.
- വീട്ടുടമസ്ഥർ ലഭ്യമാക്കേണ്ട വിവരങ്ങൾ രേഖകളായ റേഷൻ കാർഡ്, ആധാർ കാർഡ് തുടങ്ങിയവ മുൻകൂട്ടി തയ്യാറാക്കി വെക്കുന്നതിന് മേൽ സൂചിത രീതികളിലൂടെ പ്രചാരണം നൽകണം. ആയത് സമയക്രമം പാലിച്ച് സമയബന്ധിതമായി എൻറോൾമെൻറ് നടപടികൾ പൂർത്തീകരിക്കുന്നതിന് സഹായകരമാകും.
- എൻറോൾമെൻറ് ടീം വീടുകളിലും സ്ഥാപനങ്ങളിലും എത്തുന്ന തീയതി, സമയം എന്നിവ മുൻകൂട്ടി കസ്റ്റമേഴ്സിന് ലഭ്യമാക്കേണ്ടതാണ്.

### 2.3 നിർവഹണ നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേന അംഗങ്ങൾ നേരിട്ട് എൻറോൾമെന്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്. (ഹരിതകർമ്മസേന അംഗങ്ങൾക്ക് ഗുണഭോക്താക്കളുമായി ഒരു ബന്ധം സ്ഥാപിച്ച പ്രവർത്തന മേഖല വിപുലീകരിക്കാൻ ഇത് ഗുണകരമാകും)

- കസ്റ്റമർ എൻറോൾമെന്റിന് പോകുന്ന സന്നദ്ധ പ്രവർത്തകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഒപ്പ് വെച്ച സാക്ഷ്യപത്രം/ താല്ക്കാലിക തിരിച്ചറിയൽ കാർഡ് ലഭ്യമാക്കേണ്ടതാണ്.
- ഓക്സിലറി ഗ്രൂപ്പുകൾ സന്നദ്ധ പ്രവർത്തകർ, സ്കൂൾ, കോളേജ് തല സംഘടനകൾക്കാവശ്യമായ പരിശീലനം കെൽട്രോൺ ലഭ്യമാക്കേണ്ടതാണ്.
- ഓരോ വാർഡിലേയും കസ്റ്റമർ എൻട്രോൾമെന്റ് തീയതി, സമയം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം മുൻകൂട്ടി വിവിധ മാധ്യമങ്ങൾ മുഖേന വീട്/സ്ഥാപന ഉടമസ്ഥരെ അറിയിക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ പ്രാഥമിക ചോദ്യങ്ങൾ മാത്രം രേഖപ്പെടുത്തിയും, നഗരസഭ/കോർപ്പറേഷനുകളിൽ മുഴുവൻ ചോദ്യാവലിയും ഉൾപ്പെടുത്തിയും എൻട്രോൾമെന്റ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.
- മേൽ പ്രവർത്തനങ്ങളുടെ വാർഡ്തല ഏകോപനം വാർഡ് മെമ്പർ/കൗൺസിലർമാർ നടത്തേണ്ടതാണ്.
- സമയബന്ധിതമായി എൻട്രോൾമെൻറ് പൂർത്തീകരിക്കുന്നതിന് 150 വീടുകൾക്ക് ഒരാൾ എന്ന രീതിയിൽ ചുമതലപ്പെടുത്തി കൊടുക്കുന്നത് ഉചിതമായിരിക്കും.
- ഇപ്രകാരമുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിലൂടെ രണ്ടാഴ്ചയ്ക്കുള്ളിൽ ടി പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയും. കൂടാതെ ഹരിതകർമ്മ സേന അംഗങ്ങൾ കൂടുതൽ ദിവസം തൊഴിലിൽ നിന്ന് വിട്ട് നിൽക്കുന്ന അവസ്ഥ ഒഴിവാക്കാനും കഴിയും.
- ഇത്തരത്തിൽ 150 വീടുകൾക്ക് ഒരാൾ എന്ന നിലയിൽ ക്രമീകരിക്കുമ്പോൾ ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ വാർഡ് തലത്തിൽ 4-6 വരെ സർവ്വേയർമാരെ നിയോഗിക്കേണ്ടി വരുന്നതാണ്.
- മനുഷ്യവിഭവ ശേഷി അധികമായി വേണ്ടിവരുന്നയിടങ്ങളിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ നിയോഗിക്കാവുന്നതാണ്.
- കോർപ്പറേഷൻ ഡിവിഷനുകളിൽ വീടുകളുടെ എണ്ണം കൂടുതലായതിനാൽ 10 മുതൽ 15 പേരെ ഒരു ഡിവിഷനിൽ നിയോഗിക്കേണ്ടി വരും.
- ഇപ്രകാരം ഹരിതകർമ്മസേന അംഗങ്ങളെയും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെയും സർവ്വേ പൂർത്തീകരിക്കുന്നതിനായി ചുമതലപ്പെടുത്താ വുന്നതാണ്.

## 3. QR കോഡ് പതിപ്പിക്കലും സർവ്വേയും

- കസ്റ്റമർ എൻട്രോൾമെന്റ്, പ്രവർത്തനത്തിന്റെ ഭാഗമാണ് ക്യൂ.ആർ കോഡ് പതിപ്പിക്കലും സർവേയും. ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ, സെക്രട്ടറി എന്നിവർ മേൽനോട്ടം വഹിക്കേണ്ടതാണ്.
- ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ അദ്ധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ, ഓക്സിലറി ഗ്രൂപ്പ് കോർഡിനേറ്റർ, ഹരിത കർമ്മസേന കൺസോർഷ്യം ഭാരവാഹികൾ, കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർ/സിറ്റി മിഷൻ മാനേജർമാരുമായി കൂടിയാലോചന നടത്തി ഓരോ വാർഡിലെയും വീടുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണം

നിശ്ചയിച്ച് വിവര ശേഖരണത്തിന് ബന്ധപ്പെട്ട ആളുകളെ കൃത്യമായി ചുമതലപ്പെടുത്തേണ്ടതാണ്.

- ഓരോ ദിവസവും കവർ ചെയ്യേണ്ട വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണം ഉൾപ്പെടുത്തി കൃത്യമായ സമയക്രമം തയ്യാറാക്കി പ്രവർത്തിക്കേ ണ്ടതാണ്.

## 4. ഹരിതകർമ്മസേന അംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കൽ

- 23/01/2022 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.173/2022/ത.സ്വ.ഭ.വ പ്രകാരം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡിലേക്ക് 2 ഹരിതകർമ്മ സേന അംഗങ്ങളെയാണ് നിയോഗിക്കുന്നതെങ്കിൽ അതിൽ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നതിന് പ്രാപ്തരായ ഒരാളെ യൂസറായി പരിഗണിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരത്തിൽ യൂസർ ആയി പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗത്തിന് ആൻഡ്രോയിഡ് വേർഷൻ സപ്പോർട്ട് ചെയ്യുന്ന സ്മാർട്ട് ഫോൺ ഉണ്ടായിരിക്കേണ്ടതാണ്.
- നഗരസഭ/കോർപ്പറേഷനുകളിൽ ഒരു വാർഡിൽ രണ്ടിലധികം ഹരിത കർമ്മ സേന അംഗങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ പകുതി ഹരിത കർമ്മ സേന അംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യത ഉറപ്പാക്കണം.
- ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വാർഡിൽ ഹരിത കർമ്മ സേന അംഗങ്ങൾ ഗ്രൂപ്പായി വാതിൽപ്പടി ശേഖരണത്തിന് പോകുന്ന സാഹചര്യമുണ്ടെങ്കിൽ അത്തരം ഇടങ്ങളിൽ പകുതി പേർക്ക് സ്മാർട്ട് ഫോൺ ഉണ്ടായിരിക്കണം.
- പ്രസ്തുത ഫോണിൽ നെറ്റ് റീ ചാർജ്ജ് ചെയ്യുന്നതിന് വേണ്ട തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കണം.

### 4.1 ഹരിതകർമ്മ സേന അംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കുന്നതിനായുള്ള മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

#### 4.1.1. തദ്ദേശ സ്ഥാപന തലത്തിൽ സി.എസ്.ആർ ഫണ്ട് ലഭ്യമാക്കൽ

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും സി.എസ്.ആർ ഫണ്ട് ലഭ്യമാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ, ബാങ്കുകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുതലായവരിൽ നിന്നും ഫണ്ട് ലഭ്യമാക്കി സ്മാർട്ട് ഫോൺ വാങ്ങാവുന്നതാണ്. ഇത്തരത്തിൽ ലഭ്യമാക്കുന്ന ഫോണുകൾ ഹരിത കർമ്മസേന കൺസോർഷ്യത്തിൻറെ ആസ്തിയായി നിലനിർത്തേണ്ടതാണ്.

#### 4.1.2. സ്പോൺസർഷിപ്പ് മുഖാന്തരം:

വ്യാപാരി വ്യവസായികൾ, വിവിധ സ്ഥാപന ഉടമകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സാധ്യമായ കേന്ദ്രങ്ങളിൽ നിന്ന് ഫണ്ട് ലഭ്യമാക്കി സ്മാർട്ട് ഫോൺ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വാങ്ങുന്ന

സ്മാർട്ട് ഫോണിൻറെ ഉടമസ്ഥാവകാശം ഹരിതകർമ്മസേനയുടെ കൺസോർഷ്യത്തിനായിരിക്കും.

**4.1.3. "ഡൊണേറ്റ് എ സ്മാർട്ട് ഫോൺ ഫോർ ക്ലീൻ കേരള"** എന്ന ക്യാമ്പയിൻ തദ്ദേശ സ്ഥാപന തലത്തിൽ സംഘടിപ്പിക്കുക വഴി ഉപയോഗിച്ചതും എന്നാൽ പ്രവർത്തനക്ഷമമായിട്ടുള്ളതുമായ സ്മാർട്ട് ഫോണുകൾ ലഭ്യമാക്കുന്നതിനുള്ള ഒരു **യൂസ്ഡ് ഫോൺ ഡ്രൈവ്** നടത്താവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന സ്മാർട്ട് ഫോണിൻറെ ഉടമസ്ഥാവകാശവും ഹരിതകർമ്മസേനയുടെ കൺസോർഷ്യത്തിനായിരിക്കും.

**4.1.4.** സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി, യുവജന സംഘടനകൾ എന്നിവരുടെ സഹകരണത്തിൽ **യൂസ്ഡ് ഫോൺ ഡ്രൈവ്** സംഘടിപ്പിക്കാവുന്നതാണ്.

**4.1.5.** ഹരിതകർമ്മ സേന അംഗങ്ങളുടെ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും സ്മാർട്ട് ഫോൺ ഉണ്ടായിരിക്കുകയും ടി ഫോൺ ഹരിതകർമ്മ സേന അംഗങ്ങളുടെ പ്രവർത്തന സമയത്തു യാതൊരു തടസ്സവും കൂടാതെ ഉപയോഗിക്കുവാൻ സാധിക്കുന്ന പക്ഷം അത്തരം സാധ്യതയും ഉപയോഗപ്പെടുത്താവുന്നതാണ്.

**4.1.6.** പഴയ ഫോൺ എക്സ്ചേഞ്ച് ചെയ്തുകൊണ്ട് പുതിയ സ്മാർട്ട് ഫോൺ വാങ്ങുവാൻ സാധിക്കുമോ എന്നത് പരിശോധിക്കാവുന്നതാണ്.

**4.1.7.** ഇത്തരത്തിൽ തദ്ദേശ സ്ഥാപനതലത്തിലുള്ള പരമാവധി ഇടപെടലുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്ഥാപന അധ്യക്ഷരുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നതിന് ജില്ലാ തല മിഷനുകളുടെ കോ-ഓർഡിനേറ്റർമാർ (ശുചിത്വ മിഷൻ, കുടുംബശ്രീ, ഹരിതകേരള മിഷൻ) ക്ലീൻ കേരള കമ്പനി,ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, റീജ്യണൽ ജോയിന്റ് ഡയറക്ടർ - നഗരകാര്യം എന്നിവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇപ്രകാരം ലഭ്യമായ ഇടപെടലുകൾക്ക് ശേഷവും തദ്ദേശസ്ഥാപനങ്ങൾക്ക് സൗജന്യമായി സ്മാർട്ട് ഫോൺ ലഭ്യമാക്കാൻ സാധിക്കാത്ത പക്ഷം ചുവടെ പരാമർശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്. ഹരിതകർമ്മ സേന അംഗങ്ങൾ പരിമിതമായ സാമ്പത്തിക ഭദ്രത മാത്രം ഉള്ളവരായതിനാൽ മേൽ പരാമർശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ മുഖേന സൗജന്യമായി സ്മാർട്ട് ഫോൺ വാങ്ങി നൽകുവാൻ സാധിക്കാത്ത സന്ദർഭത്തിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുവടെപ്പറയുന്ന നിബന്ധനകൾ പരിഗണിക്കുവാൻ പാടുള്ളൂ.

- കുടുംബശ്രീ സി.ഡി.എസ്സുകളിൽ ലഭ്യമായിട്ടുള്ള കമ്മ്യൂണിറ്റി എൻറർപ്രൈസസ് ഫണ്ട് ഉപയോഗിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ വാങ്ങുവാൻ സാധിക്കുന്നതായിരിക്കും. നിലവിൽ 4% പലിശയ്ക്കാണ് കമ്മ്യൂണിറ്റി എൻറർപ്രൈസ് ഫണ്ട് സി.ഡി.എസ് യിൽ നിന്നും സംരംഭകർക്ക് അനുവദിക്കുന്നത്. സി.ഡി.എസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഹരിതകർമ്മ സേനയ്ക്ക് സ്മാർട്ട് ഫോൺ വാങ്ങുന്നതിലേക്ക് പലിശ നിരക്ക് കുറച്ചുകൊണ്ട് സി.ഇ.എഫ് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. ടി പദ്ധതി സർക്കാരിന്റെ മുൻഗണന പട്ടികയിൽ

ഉൾപ്പെടുന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് അടിയന്തരമായി സി.ഇ.എഫ് ലഭ്യമാക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ കുടുംബശ്രീ മിഷൻ കൈക്കൊള്ളേണ്ടതാണ്.

- ഹരിതകർമ്മസേന കൺസോർഷ്യത്തിന് ലഭ്യമായിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്ന് ഹരിതകർമ്മസേനാംഗങ്ങൾക്ക് പലിശ രഹിത വായ്പ എടുത്തുകൊണ്ട് സ്മാർട്ട് ഫോൺ വാങ്ങുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.
- അയൽക്കൂട്ടങ്ങളിലെ ലിങ്കേജ് വായ്പ പദ്ധതിയിലൂടെ തുക ലഭ്യമാക്കിക്കൊണ്ട് സ്മാർട്ട് ഫോൺ വാങ്ങുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

## 5. സംഘാടനം

| ക്രമ. നം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1 | ഹരിതമിത്രം– ജില്ലാതല ഉത്ഘാടനങ്ങൾ, പരിപാടികൾ, പ്രചരണം– മേൽനോട്ടം | • ശുചിത്വ മിഷൻ<br>• ഹരിത കേരളം മിഷൻ<br>• കുടുംബശ്രീ |
| 2 | ഹരിതമിത്രം – തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉത്ഘാടനങ്ങൾ, QR code പതിപ്പിക്കൽ, കസ്റ്റമർ എൻറോൾമെന്റ്, പ്രചരണ–ശേഷി വികസന പരിപാടികൾ. | **സംഘാടക സമിതി**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ– **ചെയർമാൻ**<br>ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ – **കോർഡിനേറ്റർ**<br>തദ്ദേശ സ്വയംഭര സ്ഥാപന സെക്രട്ടറി – **കൺവീനർ**<br><br>**അംഗങ്ങൾ :** വാർഡ് മെമ്പർ/ കൗൺസിലർമാർ,തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഘടക സ്ഥാപന മേധാവിമാർ, വ്യാപാരി വ്യവസായികൾ, വിദ്യാർത്ഥി–യുവജന സംഘടനകൾ, റസിഡൻസ് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ, സന്നദ്ധ പ്രവർത്തകർ. |

| | | |
|---|---|---|
| | ഹരിതമിത്രം – വാർഡ് തല ഉത്ഘാടനങ്ങൾ, QR code പതിപ്പിക്കൽ, കസ്റ്റമർ എൻറോൾമെന്റ്, പ്രചരണ–ശേഷി വികസന പരിപാടികൾ | **സംഘാടക സമിതി**<br>**മേൽനോട്ടം :** തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി.<br>വാർഡ് മെമ്പർ/കൗൺസിലർ– **ചെയർമാൻ**<br>നിർവ്വഹണ ഉദ്യോഗസ്ഥൻ– **കൺവീനർ**<br><br>**അംഗങ്ങൾ :** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഘടക സ്ഥാപന മേധാവിമാർ, വ്യാപാരി വ്യവസായികൾ, വിദ്യാർത്ഥി–യുവജന സംഘടനകൾ, റസിഡൻസ് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ, സന്നദ്ധ പ്രവർത്തകർ. |

## 6. വിവര–വിജ്ഞാന–വ്യാപന പ്രവർത്തനങ്ങൾ

- ഓൺലൈൻ പോസ്റ്ററുകൾ തയ്യാറാക്കി സോഷ്യൽ മീഡിയ, നവ മാധ്യമങ്ങൾ വാട്ട്സ്ആപ്പ്, ഫേസ്ബുക് ഗ്രൂപ്പുകൾ മുഖേന പ്രചരിപ്പിക്കൽ.
- കസ്റ്റമർ എൻട്രോൾമെന്റിന് പിന്തുണ അർപ്പിച്ച് സെലിബ്രിറ്റികൾ, കലാ–കായിക– രാഷ്ട്രീയ– സാമുദായിക– സാംസ്കാരിക മേഖലകളിലെ പ്രമുഖരുടെ വിഡിയോകൾ തയ്യാറാക്കി പ്രചരിപ്പിക്കൽ.
- പ്രാദേശിക ചാനലുകൾ മുഖേനയുള്ള പ്രചാരണം.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസുകളിലും, ഘടക സ്ഥാപനങ്ങളിലും, പൊതു സ്ഥാപനങ്ങളിലും ഹരിതമിത്രം പോസ്റ്ററുകൾ സ്ഥാപിക്കൽ.
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലും സ്വച്ച് ഭാരത് മിഷൻ (SBM) IEC ഫണ്ട് പ്രയോജനപ്പെടുത്തി 5 സ്ഥലങ്ങളിൽ 4x3 വലുപ്പത്തിൽ ACP ബോർഡ്.
- ഗ്രാമഭൂമി, പഞ്ചായത്ത് രാജ് മാഗസിൻ, വനിതാ മാസികകൾ എന്നിവയിൽ ലേഖനങ്ങളും പരസ്യവും
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഴ് വസ്തു ശേഖരണ കലണ്ടറും സ്മാർട്ട്ഗാർബേജ് ആപ്പും പരിചയപ്പെടുത്തുവാൻ A3 വലുപ്പത്തിൽ ഗ്ലാസ്/മെറ്റൽ/ തടിയിൽ സന്ദേശ ബോർഡുകൾ പ്രദർശിപ്പിക്കുക.
- മൊബൈൽ അപ്ലിക്കേഷൻ പ്രവർത്തനവും ഹരിതകർമസേനയുടെ പ്രവർത്തനങ്ങളും വിശദമാക്കുന്ന '**ഹരിതകർമ്മസേന പ്രവർത്തകരുടെ ഒരു ദിവസം**' എന്ന ആശയത്തോടെ വ്ളോഗുകൾ പ്രശസ്ത യൂട്യൂബർമാരുടെ പേജുകൾ വഴി പ്രചരിപ്പിക്കുക.

- സ്വച്ഛ് ഭാരത് മിഷൻ സ്കീമിന്റെ ഭാഗമായി നഗരസഭകൾ തെരഞ്ഞെടുത്തിട്ടുള്ള സ്വച്ഛ് അംബാസഡർമാർ ഹരിതകർമസേനയെയും മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ചുള്ള അവരുടെ ചിട്ടയായ പ്രവർത്തനത്തേയും പ്രശംസിച്ചുള്ള ചെറുവിഡിയോകൾ തയ്യാറാക്കി സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുക.
- ക്യാമ്പയിന്റെ ഭാഗമായി **സ്മാർട്ട് ഗാർബേജ് ഹാഷ് ടാഗ് ക്യാമ്പയിൻ** – ഒരു നിശ്ചിത ദിവസം മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും സ്മാർട്ട് ഗാർബേജ് ഹാഷ് ടാഗ് ചേർത്ത് ഒരു പോസ്റ്റ് facebook/instagram പ്ലാറ്റ് ഫോമുകളിൽ പോസ്റ്റ് ചെയ്യുന്നു എന്നുറപ്പാക്കുക.
- KSRTC ബസുകളുടെ വശങ്ങളിൽ സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച പരസ്യ സന്ദേശ ബോർഡുകളുടെ പ്രദർശനം.
- പ്രമുഖ മാധ്യമ പങ്കാളിത്തത്തോടെ കുട്ടികൾക്കായി ഓരോ ജില്ലയിലും 10 സ്കൂളുകളിൽ സ്മാർട്ട് ഗാർബേജ് മൊബൈൽ അപ്ലിക്കേഷനെ കുറിച്ചുള്ള ലേഖന രചന മത്സരം.
- വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി നേരിട്ട് വീട്ടുകാരുമായി ആശയവിനിമയം
- ആരാധനാലയങ്ങളിൽ തദ്ദേശ സ്ഥാപനം മുഖേന ഹരിത മിത്രം ലഘുലേഖ വിതരണം, കസ്റ്റമർ എൻട്രോൾമെൻറ് അറിയിപ്പുകൾ നൽകൽ .

## 7. ശേഷി വികസന പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായികൾ, റസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, സർക്കാർ/സർക്കാരിതര ഓഫീസുകളിലെ മേധാവിമാർ എന്നിവർക്കായി ഹരിത മിത്രം – ഓറിയന്റേഷൻ പരിപാടികൾ കെൽട്രോണിന്റെ സഹായത്തോടെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വമിഷന്റെയും കിലയുടെയും മേൽനോട്ടത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
- ഹരിത കർമ്മ സേനയ്ക്കും, തദ്ദേശ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കെൽട്രോൺ സാങ്കേതിക പരിശീലനം ലഭ്യമാക്കേണ്ടതാണ്.
- ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുക്കാത്തവർക്കും, തുടർ പരിശീലനം ആവശ്യമായി വരുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്കും ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ അവർ പഠിക്കും വരെ തുടർ പരിശീലനങ്ങൾ കെൽട്രോൺ ലഭ്യമാക്കേണ്ടതാണ്.
- ആപ്ലിക്കേഷൻ ഡാഷ് ബോർഡ് മാനേജ്മെന്റ്, ആയതിന്റെ അടിസ്ഥാനത്തിലുള്ള ഡേറ്റാ, ആയതിനുള്ള വിശകലനം, ആയതിന്റെ അടിസ്ഥാനത്തിലുള്ള വിവിധ തല അവലോകന സംവിധാനം എന്നിവയെ സംബന്ധിച്ച് അതാത് തലങ്ങളിലെ തദ്ദേശ സ്ഥാപന അധ്യക്ഷർ, വകുപ്പ് മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്കായി കെൽട്രോൺ ശുചിത്വ മിഷന്റെ സഹകരണത്തിൽ ഓറിയന്റേഷൻ സംഘടിപ്പിക്കേണ്ടതാണ്.

- ആദ്യഘട്ട പരിശീലനത്തിൽ സ്മാർട്ട് ഫോൺ സ്വന്തമായില്ലാതെ പരിശീലനത്തിൽ പങ്കെടുത്ത ഹരിത കർമ്മ സേന അംഗങ്ങൾക്കായി സ്മാർട്ട് ഫോൺ ലഭ്യമാകുന്ന മുറയ്ക്ക് തുടർ പരിശീലനങ്ങൾ കെൽട്രോൺ ലഭ്യമാക്കേണ്ടതാണ്.
- അതാത് സമയങ്ങളിൽ ആപ്ലിക്കേഷനിൽ വരുത്തുന്ന അപ്ഡേഷൻ സംബന്ധിച്ച് ഹരിത കർമ്മസേനയ്ക്ക് തുടർ പരിശീലനങ്ങൾ കെൽട്രോൺ സംഘടിപ്പിക്കേണ്ടതാണ്.

## 8. പുരോഗതി വിലയിരുത്തൽ

- കസ്റ്റമർ എൻട്രോൾമെന്റ്, ബാർകോഡ് പതിപ്പിക്കൽ, ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ എന്നീ പ്രവർത്തനങ്ങളുടെ പുരോഗതി ആഴ്ച്ചയിൽ 2 ദിവസം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ/സെക്രട്ടറിമാർ വിലയിരുത്തണം.
- മേൽ പ്രവർത്തനങ്ങൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, കുടുംബശ്രീ സിറ്റി മിഷൻ മാനേജർ/ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ എന്നിവർ പ്രതിദിനം വിലയിരുത്തേണ്ടതാണ്.
- ന്യൂനതകളുള്ള ഇടങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തി തടസ്സങ്ങൾ നീക്കുന്നതിന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ നടപടി സ്വീകരിക്കണം.

## പ്രവർത്തന കലണ്ടർ

| ക്രമ നം. | പ്രവർത്തനം | തീയതി | ചുമതല |
|---|---|---|---|
| 1. | ഹരിത മിത്രം – തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉദ്ഘാടനം (സ്മാർട്ട് സംഗമങ്ങൾ), കസ്റ്റമർ എൻട്രോൾമെൻറ്, QR കോഡ് പതിപ്പിക്കൽ ഉത്ഘാടനങ്ങൾ. | 2022 ഒക്ടോബർ 5 ന് മുമ്പ് | തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സെക്രട്ടറി മാർ, ഹരിത കേരളം മിഷൻ – ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപന സമിതി, സിഡിഎസ് ചെയർ പേഴ്സൺ, കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, സിറ്റി മിഷൻ മാനേജർമാർ |

| | | | |
|---|---|---|---|
| 2. | ഹരിത മിത്രം – വാർഡുതല ഉദ്ഘാടനങ്ങൾ (സ്റ്റാർട്ട് സംഗമങ്ങൾ), QR കോഡ് പതിപ്പിക്കൽ, കസ്റ്റമർ എൻട്രോൾമെന്റ് പ്രവർത്തനങ്ങൾ | സെപ്റ്റംബർ 5 മുതൽ ഒക്ടോബർ 5 വരെ | തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, സെക്രട്ടറിമാർ, വാർഡുതല ആരോഗ്യ ശുചിത്വ-പോഷണ സമിതി – ചെയർമാൻ & കൺവീനർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഹരിതകർമ്മസേന<br>(റസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ, വിദ്യാർത്ഥി-യുവജന സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ) |
| 3. | ഹരിത മിത്രം – ഒന്നാം ഘട്ട പ്രവർത്തന പൂർത്തീകരണ പ്രഖ്യാപനം | ഒക്ടോബർ 30 ന് മുൻപ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ മിഷൻ, കെൽട്രോൺ |

## ധനകാര്യം

- ഹരിതകർമ്മ സേന തങ്ങളുടെ പ്രവർത്തനം താത്കാലികമായി നിർത്തി വെച്ചുകൊണ്ടാണ് ഹരിതമിത്രം എൻട്രോൾമെൻറ് പ്രക്രിയയിൽ ഏർപ്പെടുന്നത്. ആയത് ഹരിതകർമ്മസേനയുടെ വരുമാനത്തെ ബാധിക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതുണ്ട് കൂടാതെ സന്നദ്ധ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തൽ, അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.
- ഹരിത മിത്രം ക്യാമ്പയിനിന്റെ സംസ്ഥാന/ജില്ലാതല പ്രചരണ-ശേഷി വികസന പ്രവർത്തനങ്ങളുടെ ചെലവ് തുക – ശുചിത്വ മിഷൻ പദ്ധതികളുടെ അനുയോജ്യ വിവര-വിജ്ഞാന-വ്യാപന ശേഷി വികസന ഘടകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്
- ഗ്രാമപഞ്ചായത്ത്/വാർഡുതല പ്രചരണ പ്രവർത്തനങ്ങളുടെ ചെലവ് തുക അതാത് ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്. തനത് ഫണ്ട് ലഭ്യത കുറവുള്ള ഗ്രാമപഞ്ചായത്തുകൾ ശുചിത്വമിഷൻ ഫണ്ടിനായി നടപടി സ്വീകരിക്കേണ്ടതാണ്.
- നഗരസഭ/കോർപ്പറേഷൻതല പ്രചരണ-ശേഷിവികസന പ്രവർത്തനങ്ങൾക്ക് തുക സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ ഐ.ഇ.സി-കപ്പാസിറ്റി ബിൽഡിംഗ്

ഫണ്ടിൽ നിന്നോ, നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നോ, ശുചിത്വ കേരളം (നഗരം), ഐ.ഇ.സി– കപ്പാസിറ്റി ബിൽഡിംഗ് ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.

- കസ്റ്റമർ എൻട്രോൾമെന്റിൽ ഏർപ്പെടുന്ന ഹരിതകർമ്മസേന, ഓക്സിലറി ഗ്രൂപ്പുകൾ, സ്കൂൾ/കോളേജ് തല സന്നദ്ധ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ പ്രാഥമിക ചെലവുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് /തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ഇതിനായി പദ്ധതികളിൽ ഭേദഗതി വരുത്താവുന്നതാണ്.
- നഗര തദ്ദേശസ്ഥാപന പരിധിയിൽ ഒരു വീട്/ ഒരു സ്ഥാപനത്തിന് പരമാവധി 25 രൂപയിൽ കുറയാത്ത നിരക്കിലും ഗ്രാമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വീട്/ഒരു സ്ഥാപനത്തിന് 15 രൂപയിൽ കുറയാത്ത നിരക്കിലും പദ്ധതി തുക വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കേണ്ടതാണ്.
- ടി തുക കസ്റ്റമർ എൻട്രോൾമെൻറ് പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്കുള്ള യാത്രചെലവ്, റിഫ്രഷ്മെന്റ്, ഓണറേറിയം, ഫോണിൽ നെറ്റ് റീചാർജ്ജിംഗ് എന്നിവയ്ക്കായി വിനിയോഗിക്കേണ്ടതാണ്.

## ചുമതലകൾ

1. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**
   - ആപ്ലിക്കേഷൻ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ നിർവ്വഹണം, മേൽനോട്ടം
   - ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ
   - ബന്ധപ്പെട്ട ഏജൻസികൾ, വകുപ്പുകൾ, മിഷനുകളുമായി കൂടിയാലോചിച്ചുള്ള പ്രവർത്തന ഏകോപനം
   - ന്യൂനതകൾ/തടസങ്ങൾ എന്നിവ ജില്ലാമേധാവികളുമായി ചർച്ച ചെയ്ത് പരിഹരിക്കൽ
   - ഹരിതകർമ്മസേന, ഓക്സിലറി ഗ്രൂപ്പ്, സന്നദ്ധ പ്രവർത്തകർ, വ്യാപാരി വ്യവസായികൾ, വിദ്യാർത്ഥി യുവജന സംഘടനകൾ, റസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ എന്നിവരെ ഏകോപിപ്പിച്ച് ലക്ഷ്യം കൈവരിക്കൽ
   - പ്രചരണ–ശേഷീവികസന പ്രവർത്തനങ്ങളുടെ നിർവ്വഹണം, മേൽനോട്ടം.
   - ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ,കസ്റ്റമർ എൻട്രോൾമെൻറ് സമയം, തിയതി എന്നിവ കസ്റ്റമർമാരായ വീട്/ സ്ഥാപന ഉടമസ്ഥരെ മുൻകൂട്ടി അറിയിച്ച് രേഖകൾ കരുതി വെക്കുന്നതിന് സജ്ജമാക്കൽ.
   - പാഴ് വസ്തുക്കൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അളന്ന് ശേഖരിക്കുന്നതിന് ഹാൻഡ് വെയിങ് മെഷീൻ ലഭ്യമാക്കൽ.
   - അപ്ലിക്കേഷൻ ഡാഷ്ബോർഡ് , ഡാറ്റ മാനേജ്മെൻറ് അപ്ലിക്കേഷൻ പ്രവർത്തന സുസ്ഥിരത ഉറപ്പാക്കൽ എന്നിവക്കായി നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപടി സ്വീകരിക്കൽ.
   - പുരോഗതി അവലോകനം, മോണിറ്ററിംഗ്, റിപ്പോർട്ടിംഗ്, സുസ്ഥിരത ഉറപ്പാക്കൽ

- മാലിന്യ സംസ്കരണ മേഖലയിലെ **ഡിജിറ്റൽ മൂവ്മെന്റായി** കസ്റ്റമർ എൻട്രോൾമെൻറ് പ്രവർത്തനങ്ങൾ മാറ്റുക.

2. **ഹരിത കേരളം മിഷൻ**
    - ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം
    - ക്യാമ്പയിനിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ
    - സംഘാടന പ്രവർത്തനങ്ങളുടെ മേൽനോട്ടം, പ്രവർത്തന പങ്കാളിത്തം
    - വിവിധ വകുപ്പുകളെയും ഏജൻസികളെയും കൂട്ടിയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾ

3. **ശുചിത്വ മിഷൻ**
    - ഹരിതമിത്രം ആപ്ലിക്കേഷൻ പ്രവർത്തനങ്ങളുടെ സംസ്ഥാനതല സമ്പൂർണ്ണ ഏകോപനം
    - കെൽട്രോണിന്റെ സഹകരണത്തിൽ സാങ്കേതിക ഏകോപനം സാധ്യമാക്കൽ
    - പ്രവർത്തന വിശദാംശങ്ങളുടെ ക്രോഡീകരണം
    - അനുയോജ്യ സമയങ്ങളിൽ സർക്കാർ ഇടപെടീൽ, സർക്കാർ ഉത്തരവുകൾ ലഭ്യമാക്കൽ
    - പ്രചരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം
    - ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ.
    - സമയബന്ധിതമായി ആപ്ലിക്കേഷൻ സേവനങ്ങൾ കെൽട്രോൺ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ, മോണിട്ടറിംഗ്.
4. **കുടുംബശ്രീ മിഷൻ**
    - ഹരിതകർമ്മസേന, ഓക്സിലറി ഗ്രൂപ്പ് എന്നിവരുടെ പ്രവർത്തന ഏകോപനം.
    - കുടുംബശ്രീ, സി.ഡി.എസുകളുടെ മേൽനോട്ടം ഉറപ്പാക്കൽ
    - ബ്ലോക്ക് കോ–ഓർഡിനേറ്റർമാർ, സിറ്റി മിഷൻ മാനേജർമാർ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാർ എന്നിവർക്ക് ഏകോപന ചുമതല നൽകി നഗര–ഗ്രാമമേഖലകളിൽ ഏകോപനം സാധ്യമാക്കൽ
    - ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായി പ്രവർത്തിക്കുന്നതിന് ഹരിതകർമ്മസേന സംരംഭങ്ങളെ പ്രാപ്തമാക്കൽ
    - ഹരിതകർമ്മസേനയ്ക്ക് സ്മാർട്ട് ഫോൺ ലഭ്യത കുറവുള്ളയിടങ്ങളിൽ ആയത് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിക്കൽ.
    - എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും പരിശീലനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കൽ. പരിശീലനം ലഭിച്ചവർ സ്മാർട്ട് ഫോൺ ഉപയോഗത്തിന് സ്വയം പര്യാപ്തരെന്ന് ഉറപ്പുവരുത്തൽ.

- ഓക്സിലറി ഗ്രൂപ്പുകളുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കി ഏകോപനം സാധ്യമാക്കൽ.
- പ്രവർത്തന പങ്കാളിത്തം
- ശേഷി വികസന പങ്കാളിത്തം

5. **കെൽട്രോൺ**

- ആപ്ലിക്കേഷനിൽ മലയാളം/ഇംഗ്ലീഷ് ഓപ്ഷനുകൾ വിവരശേഖരണത്തിന് ലഭ്യമാക്കൽ
- ആപ്ലിക്കേഷൻ പ്രവർത്തനക്ഷമത കാത്തുസൂക്ഷിക്കൽ
- ഹരിതകർമ്മസേന, ഓക്സലറി ഗ്രൂപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കൽ
- നിരന്തരമായി ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സാങ്കേതിക വിദഗ്ധരുടെ സേവനം സമയബന്ധിതമായി ഉറപ്പുവരുത്തൽ
- QR കോഡ് ജനറേറ്റ് ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകൽ
- ബന്ധപ്പെട്ട വകുപ്പ്/മിഷൻ/ഏജൻസികളുമായി കൂടിയാലോചിച്ച് ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- ഡാറ്റാ മാനേജ്മെന്റ്, മോണിറ്ററിംഗ്, റിപ്പോർട്ട് ലഭ്യമാക്കൽ
- ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് അപ്ലിക്കേഷന്റെ സാങ്കേതിക മേന്മ, പ്രായോഗിക പ്രവർത്തന മേന്മ എന്നിവ എല്ലായിപ്പോഴും കാര്യക്ഷമതയോടെ നിലനിർത്തൽ, പ്രത്യേകിച്ച് സർവർ മാനേജ്മന്റ് തുടങ്ങിയവ. ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ,ജില്ലാ ഭരണ കൂടം, ഡി.പി.സി, സംസ്ഥാനതല ഓഫീസുകൾ, സംസ്ഥാന സർക്കാർ എന്നിവരെ യഥാ സമയം ബോധ്യപ്പെടുത്തൽ.

6. **പഞ്ചായത്ത് ഡയറക്ടറേറ്റ്**

- ഗ്രാമപഞ്ചായത്തുതല പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം
- ഗ്രാമപഞ്ചായത്തുകളുടെ പ്രതിവാര അവലോകനം
- അതാത് സമയങ്ങളിൽ അനുയോജ്യ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കൽ
- ഹരിതമിത്രം പദ്ധതി വച്ച എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും പ്രവർത്തന ഏകോപനം
- വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കൽ
- പീരിയോഡിക്കൽ റിപ്പോർട്ടിംഗ്
- ന്യൂനതകൾ, പ്രതിസന്ധികൾ സമയബന്ധിതമായി പരിഹരിക്കൽ.

7. **നഗരകാര്യ വകുപ്പ്**

- മേൽ പ്രവർത്തനങ്ങളുടെ നഗര മേഖലയിലെ സംസ്ഥാനതല ഏകോപനം

- നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിവാര അവലോകനം
- അതാത് സമയങ്ങളിൽ അനുയോജ്യ നിർദ്ദേശങ്ങൾ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ
- ഹരിതമിത്രം പദ്ധതി വച്ച എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും പ്രവർത്തന ഏകോപനം
- വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കൽ
- പീരിയോഡിക്കൽ റിപ്പോർട്ടിംഗ്
- ന്യൂനതകൾ, പ്രതിസന്ധികൾ സമയബന്ധിതമായി പരിഹരിക്കൽ.

8. **ജില്ലാ തല ഏകോപന സമിതി**
    - ഹരിത മിത്രം പദ്ധതിയുടെ ജില്ലാ തല മോണിട്ടറിംഗ്, ഏകോപനം
    - ആഴ്ചയിൽ രണ്ടു ദിവസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ
    - ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും പ്രായോഗിക പ്രതിസന്ധികൾ നീക്കം ചെയ്യുന്നതിന് അനുയോജ്യ ഇടപെടീൽ നടത്തൽ
    - വിവരശേഖരണം, ക്രോഡീകരണം, പ്രവർത്തന പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ
    - പ്രചരണ – ശേഷി വികസന പ്രവർത്തനങ്ങളുടെ ജില്ലാ തല ഏകോപനം

## രണ്ടാം ഘട്ട പദ്ധതി രൂപീകരണവും പ്രവർത്തനങ്ങളും

ഒന്നാം ഘട്ടത്തിൽ ഹരിതമിത്രം പദ്ധതി നടപ്പിലാക്കുന്ന 375 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ രണ്ടാം ഘട്ടമായി മുഴുവൻ നഗരസഭകളിലേക്കും, നഗര സ്വഭാവമുള്ള മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്കും ഹരിതമിത്രം പദ്ധതി വ്യാപിപ്പിക്കണം. ആയതിനുള്ള നിർദ്ദേശം ചുവടെ ചേർക്കുന്നു.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മുഴുവൻ വാർഡുകളിലും ഹരിത കർമ്മ സേന മുഖേന 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കൽ.
- നാളിതുവരെ എം സി എഫ് സ്ഥാപിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി എം സി എഫ് നിർമാണം പൂർത്തീകരിക്കൽ
- എല്ലാ വാർഡുകളിലും മിനി എം സി എഫുകൾ ആവശ്യാനുസരണം നിർമ്മിച്ച് പ്രവർത്തിപ്പിക്കൽ.
- നിലവിലെ എം സി എഫ്, ആർ ആർ എഫുകളെ ഹൈ–ടെക്ക് ആക്കി മാറ്റൽ.
- എം സി എഫ്, ആർ ആർ എഫുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ.
- ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി/ പാഴ്വസ്തു വ്യാപാരികൾ മുഖേന ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നു എന്ന ഉറപ്പാക്കൽ.
- ഹരിതകർമ്മ സേനക്ക് വരുമാന കുറവ് ഉണ്ടാകുന്നതിനു പ്രധാന കാരണം പാഴ്വസ്തുക്കൾ ഹരിതകർമസേനക്ക് കൊടുക്കാതെ കത്തിക്കുന്ന/ വലിച്ചെറിയുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നിയമ നടപടികൾ സ്വീകരികാത്തത് കൊണ്ടാണെന്ന് ഹരിതകർമ്മ സേന സംഗമങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ

വിഴ്ചയുണ്ടാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതു നിർദ്ദേശങ്ങൾ

- ഹരിത മിത്രം ആപ്ലിക്കേഷന്റെ പ്രചരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ജില്ലാ തലത്തിൽ ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്നിവർ നേതൃത്വം നൽകേണ്ടതാണ്
- തദ്ദേശ സ്വയംഭരണ സ്ഥാപനതല/വാർഡ് തല എൻട്രോൾമെൻറ്, പ്രചരണ പ്രവർത്തനങ്ങൾ ജോയിന്റ് ഡയറക്ടർമാർ, ഡയറക്ടർ പഞ്ചായത്ത്, ഡയറക്ടർ നഗരകാര്യം, ഡി.ഡി.പിമാർ, ആർ.ജെ.ഡിമാർ എന്നിവരുടെ മേൽനോട്ടത്തിൽ ഏകോപിപ്പിക്കേണ്ടതാണ്
- എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ്, കുടുംബശ്രീ – ഓക്സിലറി ഗ്രൂപ്പ്/പ്രവർത്തകർ, വ്യാപാരി വ്യവസായികൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി മേൽ സംഘടനകളുടെ വിവിധതലങ്ങളിലെ യോഗം ജില്ലാ/തദ്ദേശ സ്വയംഭരണ സ്ഥാപന/വാർഡ് തലങ്ങളിൽ വിളിച്ച് ചേർക്കേണ്ടതാണ്
- ക്യു.ആർ കോഡ് പ്രിന്റ് ചെയ്യൽ, ലാപ്ടോപ്പ് വാങ്ങൽ എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലെ ചട്ട പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.
- സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് ചാർജ്ജ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെൽട്രോണിന് അനുവദിച്ച് നൽകേണ്ടതാണ്.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കും കെൽട്രോൺ ലഭ്യമാക്കുന്ന സാങ്കേതിക വിദഗ്ധരുടെ പേര്, ഫോൺ നമ്പർ, ഈ–മെയിൽ ഐ.ഡി എന്നിവ അടങ്ങുന്ന ലിസ്റ്റ് കെൽട്രോൺ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.